ഗവൺമെന്റിന്റെ മുമ്പിൽ വയ്ക്കാനുള്ള നിർദ്ദേശം. അത് പരിഗണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, മാള-അന്നമനട-മുഴിക്കുളം-അഷ്ടമിച്ചിറ റോഡ് ഏതാണ്ട് 21 കിലോമീറ്റർ ദൈർഘ്യം വരുന്ന മേജർ ഡിസ്ട്രിക്ട് റോഡാണ്. തൃശ്ശൂർ ജില്ലയിലെ പ്രധാനപ്പെട്ട ഈ റോഡ് ദേശീയ പാത 47-നും 17-നും സമാന്തരമായി വികസിപ്പിക്കേണ്ടത് അത്യാവശ്യമാണ്. വാഹന ഗതാഗത തിരക്കു കാരണം പ്രസ്തുത റോഡ് നിലവാരം ഉയർത്തി അഭിവൃദ്ധിപ്പെടുത്താനുള്ള ശ്രമങ്ങൾ പരിശോധിച്ച് വരുകയാണ്. 450 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് വകുപ്പിന്റെ പരിശോധനയിലാണ്. തൃശ്ശൂർ - എറണാകുളം ദേശീയ പാതയിൽ തടസ്സങ്ങൾ ഉണ്ടാകുമ്പോൾ ശ്രീ. ടി. യു. രാധാകൃഷ്ണൻ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഡൈവർഷനു വേണ്ടി ഉപയോഗിക്കാവുന്ന റോഡ് എന്ന നിലയിലും തീർത്ഥാടന കേന്ദ്രങ്ങളെയും ടൂറിസ്റ്റ് കേന്ദ്രങ്ങളെയും ബന്ധിപ്പിക്കുന്ന റോഡ് എന്ന നിലയിലും വളരെ പ്രാധാന്യമുള്ള ഈ റോഡ് സ്റ്റേറ്റ് ഹൈവേയായി പ്രഖ്യാപിക്കാനുള്ള നടപടികൾ കഴിയുന്നതും വേഗം സ്വീകരിക്കുന്നതാണ്.

(10) ഇ-വേസ്റ്റ് അപകടരഹിതമായി സംസ്ക്കരിക്കുന്നതിനു സംവിധാനം.

ശ്രീ. പി. ടി. തോമസ്: സർ, ഉപേക്ഷിക്കപ്പെട്ടതോ ഉപയോഗശൂന്യമായതോ ആയ ഇലക്ട്രോണിക് അനുബന്ധ ഉപകരണങ്ങളാണ് ഇ-മാലിന്യങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്നത്. കമ്പ്യൂട്ടറുകൾ, റെഫ്രിജറേറ്ററുകൾ, ടെലിവിഷനുകൾ, മൊബൈൽ ഫോണുകൾ തുടങ്ങിയ ഡൊമസ്റ്റിക് വേസ്റ്റുകളിൽ ആയിരത്തിലധികം വിഷപദാർത്ഥങ്ങൾ കലർന്നിട്ടുണ്ട്. പഴയ കമ്പ്യൂട്ടർ മോണിട്ടറുകളിലെ കാഥോഡ് റേ ട്യൂബിൽ ഏകദേശം രണ്ട് കിലോഗ്രാം ലെഡ് അടങ്ങിയിട്ടുണ്ട്. ലെഡ് എന്ന ഈ ലോഹം നേരെ നമ്മുടെ തലച്ചോറിലാണ് അടിഞ്ഞുചേരുന്നത്. ഈ വർഷം ആഗോളതലത്തിൽ 200 കോടി ജനങ്ങൾ മൊബൈൽ ഫോൺ ഉപയോഗിക്കുന്നുവെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഓരോ വർഷവും സാധാരണ നഗരമാലിന്യങ്ങൾ കൊണ്ടുണ്ടാകുന്ന വളർച്ചയെക്കാൾ മൂന്നു ഇരട്ടി വേഗതയിലാണ് ഇ-മാലിന്യങ്ങൾ സൃഷ്ടിക്കപ്പെടുന്നത്. ഡെൽക്ക് കമ്പനി 1997 - 2001 കാലയളവിൽ പ്രയോജനരഹിതമായ 5.5 കോടി കമ്പ്യൂട്ടറുകളാണ് കയറ്റി അയച്ചത്. ഇവ ഉല്പാദിപ്പിക്കുന്ന മെർക്കുറിയുടെ അളവ് 69520 പൗണ്ടാണ്. ഒരു ടീസ്പൂണിന്റെ എഴുപതിലൊന്നുഭാഗം മെർക്കുറി 20 ഏക്കർ വ്യാപിച്ചുകിടക്കുന്ന ഒരു തടാകത്തിലെ മുഴുവൻ മൽസ്യങ്ങളെയും ഭക്ഷ്യയോഗ്യമല്ലാതാക്കും എന്നാണ് തെളിയിച്ചിരിക്കുന്നത്. സർക്ക്യൂട്ട് ബോർഡുകളിലും അർദ്ധചാലകങ്ങളിലും കാണപ്പെടുന്ന കാഡ്മിയം നമ്മുടെ എല്ലിന്റെ ഘടനയെ ബാധിക്കുന്ന വിഷപദാർത്ഥമാണ്. ആർസനിക്, ആന്റിമണി, ബർലിയം, സെല്ലിയം, ക്രോമിയം, കോബാൾ ഇങ്ങനെ ഇ-വേസ്റ്റിലെ വിഷപദാർത്ഥങ്ങളുടെ പട്ടിക നീളുകയാണ്. ഇതിൽ പലതും ക്യാൻസർ രോഗം

LIBRARY ARCHIVES Kerala Legislative Assembly

ക്ഷണിച്ച് വരുത്തുന്നതാണ്. വികസിത രാജ്യങ്ങളിൽ നിന്ന് ഇന്ത്യ, ചൈന പോലെയുള്ള രാജ്യങ്ങളിലേയ്ക്ക് വർദ്ധിച്ച തോതിൽ ഇവ കയറ്റി അയച്ചുകൊണ്ടിരിക്കുകയാണ്. ബാംഗ്ലൂരിൽ മാത്രം 60,000 ടൺ ഇ-മാലിന്യമാണ് ഓരോ വർഷവും അടിഞ്ഞു കൂടുന്നത്. 1992-ൽ നിലവിൽ വന്ന ബാസൽ കൺവെൻഷൻ ഉടമ്പടി പ്രകാരം ഇ-മാലിന്യങ്ങൾ മറ്റൊരു രാജ്യത്തിലേയ്ക്ക് കയറ്റി അയയ്ക്കാൻ പാടില്ല. എന്നാൽ 159 രാഷ്ട്രങ്ങൾ ഒപ്പിട്ട കരാറിൽ അമേരിക്ക ഒപ്പിടാൻ ഇതുവരെ തയ്യാറായില്ല. 1991-ൽ സ്വിറ്റ്സർലണ്ടിൽ ഇ-മാലിന്യങ്ങൾ സംസ്ക്കരിച്ച് പുതിയ ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന പ്രക്രിയയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഇന്ത്യയിൽ ഒരു സ്ഥലത്തും ഇ-മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനുള്ള സംവിധാനമില്ല. ഇ-മാലിന്യങ്ങൾ കൂട്ടിയിട്ട് കത്തിക്കുകയാണ്. ഇത് ഗുരുതരമായതും ജീവന് ഭീഷണിയാകുന്നതുമാണ്. അതുകൊണ്ട് ഇ-മാലിന്യങ്ങൾ സംസ്ക്കരിക്കാൻ അടിയന്തിരമായ നടപടി കേരളം കൈക്കൊള്ളണമെന്ന ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസ്സും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, കേരളത്തിൽ വർദ്ധിച്ചുവരുന്ന ഇ-വേസ്റ്റ് ഫലപ്രദമായി സംസ്ക്കരിക്കാൻ സംവിധാനം ഉണ്ടാക്കേണ്ടത് ആവശ്യമാണ് എന്നാണ് ശ്രീ. പി. ടി. തോമസ് സബ്മിഷനിലൂടെ ഉന്നയിച്ചിരിക്കുന്നത്. അന്തരീക്ഷ മലിനീകരണത്തിനും ജീവന്റെ നിലനിൽപ്പിനും ഭീഷണിയുയർത്തുന്ന ഇ-വേസ്റ്റ് അപകടരഹിതമായി സംസ്ക്കരിക്കുന്നതിന് വിദേശ രാജ്യങ്ങളിൽ ഇപ്പോൾ സംവിധാനം ഉണ്ടായിട്ടുണ്ട്. അതേ മാതൃകയിൽ കേരളത്തിലും സംവിധാനം ഉണ്ടാക്കണമെന്നാണ് ഗവൺമെന്റ് കരുതുന്നത്. ഐ.ടി. മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സംഘടനകളുമായും വിദഗ്ദ്ധരുമായും കേരളത്തിലെ പൊല്യൂഷൻ കൺട്രോൾ ബോർഡുമായും സഹകരിച്ച് കേരളത്തിൽ വർദ്ധിച്ചുവരുന്ന ഇ-വേസ്റ്റ് ഫലപ്രദമായി സംസ്ക്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(11) പെരുമാട്ടിയിൽ ആത്മഹത്യ ചെയ്ത വേലായുധൻ കുട്ടിയുടെ കുടുംബത്തെ സഹായിക്കണമെന്ന ആവശ്യം

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, പാലക്കാട് ജില്ലയിലെ പെരുമാട്ടി ഗ്രാമപഞ്ചായത്തിൽ താമസിച്ചിരുന്ന വേലായുധൻ കുട്ടി എന്നയാൾ കഴിഞ്ഞ ദിവസം ആത്മഹത്യ ചെയ്തു. അദ്ദേഹം 2003-ൽ ചിറ്റൂരിലെ സൗത്ത് ഇന്ത്യൻ ബാങ്കിൽ നിന്ന് ഒരു ലക്ഷം രൂപ ലോൺ എടുത്തിട്ടുണ്ടായിരുന്നു. പാവപ്പെട്ട പലചരക്ക് കച്ചവടക്കാരനാണ്. ലോൺ സംഖ്യ കൃത്യമായി തിരിച്ചടച്ചു; 85,300 രൂപ. ഈ സമയത്ത് ഇയാളുടെ വീടിനോടനുബന്ധിച്ച് കട തുടങ്ങുന്നതിനുവേണ്ടി പണം ആവശ്യപ്പെട്ട് ബാങ്കിനെ സമീപിച്ചപ്പോൾ നിലവിലുള്ള ലോണിന്റെ ബാക്കി സംഖ്യ അടച്ചാൽ പുതിയ ലോൺ കൊടുക്കാമെന്നു പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ ശേഷിക്കുന്ന പൈസ മുഴുവൻ കൃത്യമായി ബാങ്കിൽ അടച്ചു. 1,32,419 രൂപ ആ ലോണിന്റെ ഭാഗമായി തിരിച്ചടച്ചു. ഇതിനുശേഷം ലോൺ കൊടുക്കുമെന്നു

LIBRARY ARCHIVES Kerala Legislative Assembly